## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

27.02.2017-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 175

### ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ദേശീയ പാതകളിലും വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദമാക്കുമോ ; | (എ) ട്രാഫിക് നിയമലംഘനങ്ങൾ സംബന്ധിച്ച കുറ്റകൃത്യങ്ങൾ കണ്ടു പിടിച്ച് പിഴ ഈടാക്കുന്നതിന് നിലവിൽ മോട്ടോർ വാഹന വകുപ്പിന്റേയും പോലീസ് വകുപ്പിന്റേയും അധികാര പരിധിയിൽ ഏകദേശം 320 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 200 സ്ഥലങ്ങളിൽ കൂടി ക്യാമറ സ്ഥാപിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കർശനവും സുരക്ഷിതവുമായ വാഹന പരിശോധന, നിയമ ലംഘനങ്ങൾക്ക് പിഴ ചുമത്തൽ മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ലൈസൻസ് റദ്ദ് ചെയ്യൽ തുടങ്ങിയ നടപടികൾ നടന്നു വരുന്നു. അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ (Black Spot) ശാസ്ത്രീയമായി കണ്ടെത്തി അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, അമിത വേഗതാ നിയന്ത്രണത്തിനായുള്ള സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാർ |

എന്നിവ സ്ഥാപിച്ചും ബ്ലിങ്കർ ലൈറ്റുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചും അപകടതോത് കുറച്ചു വരുന്നു. മുന്നറിയിപ്പ് ബോർഡുകളും തിരക്കുള്ള റോഡിൽ ഫുട്പാത്തുകളും സ്ഥാപിച്ചു വരുന്നു. ട്രാഫിക് അവയർനെസ് പരിപാടികൾ സ്ക്കൂൾ, കോളേജ് തലത്തിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കുമായി സംഘടിപ്പിച്ചും ഡ്രൈവർമാർക്ക് വിശ്രമ കേന്ദ്രങ്ങൾ ഒരുക്കിയും ഹൈവേയിൽ 24 മണിക്കൂറും പോലീസിന്റെ സേവനം ഉറപ്പാക്കിയും വരുന്നു. ജില്ലാ പോലീസ് ഓഫീസുകളിലെ ട്രാഫിക് എഡ്യൂക്കേഷൻ സെന്ററുകളിൽ വച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. കൂടാതെ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സേഫ്റ്റി ക്ലബുകൾ മുഖേന ട്രാഫിക് ബോധവത്ക്കരണ ക്ലാസ്സുകൾ ഫോട്ടോ പ്രദർശനം, എമർജൻസി ഫോൺ, ബുക് ലെറ്റുകൾ, ലഘുലേഖകൾ എന്നിവ വിതരണം ചെയ്തും, മൊബൈൽ ഇലക്ട്രോണിക് പാർക്ക് എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചും കുട്ടികളേയും മറ്റും ബോധവത്കരണം നടത്തിയും റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ പോലീസുകാരെ ട്രാഫിക് വിഭാഗത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. ഹോംഗാർഡുകളെ നിയോഗിച്ച് ഈ രംഗത്തെ സേവനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ട്രാഫിക് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി നിലവിലുള്ള ഡിവിഷനുകൾ വിഭജിക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ഇതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ